പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1278 — 13/12/2012 ൽ മറുപടിയ്ക്ക്

## റീസർവ്വേ അപാകത പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | റീസർവ്വേയിൽ ഉണ്ടായ അപാകത പരിഹരിച്ചു നൽകണം എന്ന് ആവശ്യപ്പെട്ട് ശ്രീ. സാബു തങ്കപ്പൻ, മഞ്ഞപ്പള്ളികുന്നേൽ, രാമക്കൽമേട് എന്നയാൾ നിവേദനം നൽകിയിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലാ കളക്ടർക്ക് നിവേദനം നൽകിയിരുന്നു. |
| (ബി) | നിവേദനത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | നിവേദനത്തിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഉടുമ്പൻചോല അഡീഷണൽ തഹസീൽദാർക്ക് അയച്ചിരുന്നു. |
| (സി) | നിവേദനത്തിൽ പറയുന്ന അപാകത പരിഹരിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | പരിഹരിക്കാനായിട്ടില്ല. അപേക്ഷകന്റെ അവകാശ പ്രമാണങ്ങളിലെ സർവ്വെ നമ്പരും, റീസർവ്വേ അനുസരിച്ച് ബി.റ്റി.ആർ. ലെ മുൻസർവ്വെ നമ്പരും വ്യത്യാസമായി കാണുന്നു. |
| (ഡി) | റീ സർവ്വേയിൽ ഉണ്ടായ അപാകത നീക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് ഓഫീസിൽ നിന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (ഡി) | നിവേദനത്തിനാസ്പദമായ വസ്തുവിന്റെ റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കിയിരുന്നു. എന്നാൽ സർവ്വേ നമ്പർ വ്യത്യാസം തിരുത്തുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ പരാതി പരിഹരിക്കാനായിട്ടില്ല. |
| (ഇ) | അപാകത അടിയന്തിരമായി പരിഹരിച്ചു നൽകുമോ? | (ഇ) | ടി സർവ്വേ നമ്പർ വ്യത്യാസം പരിഹരിക്കുന്നതിനുള്ള വിശദമായ പരിശോധന നടത്തി ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ